**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2342** **12-02-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പരിചരണം എന്ന ആശയം വികസിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുടുംബപരിചരണം സ്ത്രീകൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന ഒരു വ്യവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ "സാമൂഹ്യ പരിചരണം" എന്ന ഒരു ആശയം വികസിപ്പിച്ചെടുത്ത് അംഗൻവാടികളെ ഡേ കെയർ സെന്ററുകളായി ഉയർത്തുകയും കമ്മ്യൂണിറ്റി കിച്ചൻ സംവിധാനം വിപുലപ്പെടുത്തുകയും ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 60% കേന്ദ്രാവിഷ്കൃത പദ്ധതിയായ PALNA സ്കീമിന്റെ ഭാഗമായി സംസ്ഥാനത്ത് 304 അങ്കണവാടി കം ക്രഷ് ആരംഭിക്കുന്നത് പരിശോധിച്ചു വരുന്നു.<br><br>അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൺ. അട്ടപ്പാടി ബ്ലോക്കിലെ അഗളി, പുതൂർ, ഷോളയൂര് എന്നീ മൂന്ന് പഞ്ചായത്തുകളിലെ ആദിവാസി ഊരുകൾ കേന്ദ്രീകരിച്ചാണ് 2013 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നത്. ഐ സി ഡി എസ് ഗുണഭോക്താക്കൾക്കു പുറമെ ഭിന്നശേഷിയുള്ളവർ, കിടപ്പുരോഗികൾ, വയോജനങ്ങൾ, മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, വിധവകൾ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചന്റെ ഗുണഭോക്താക്കൾ. പദ്ധതിയ്ക്കാവശ്യമായ ഫണ്ട് വനിതാശിശുവികസന വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും (60:40എന്ന അനുപാതത്തിൽ) സംയുക്തമായാണ് നല്കി വരുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിക്കുകയും 2014 ഡിസംബർ മുതൽ കുടുംബശ്രീ മുഖാന്തിരം പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. കുടുംബശ്രീ മുഖേന ഭക്ഷണ സാധനങ്ങൾ ഏറ്റെടുത്ത് ,പാചകം ചെയ്ത് ഭക്ഷണപദാർത്ഥം രാവിലെയും വൈകുന്നേരവും ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി കിച്ചണുകളിലൂടെ വിതരണം ചെയ്യുന്നു. കമ്മ്യൂണിറ്റി കിച്ചൻ സംവിധാനത്തിന്റെ ഉപയോഗം |

| | | | |
|---|---|---|---|
| | | | ഏതെങ്കിലും പ്രദേശത്ത് ആവശ്യമായി വരുന്ന സാഹചര്യത്തിൽ കമ്മ്യൂണിറ്റി കിച്ചൻ സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ